(ഇ) ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

അർബുദ 'പഠനവിഭാഗം' സ്ഥാപിക്കുവാൻ കേന്ദ്രസർക്കാർ നൽകിയ ധനസഹായം

161 [2654] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ അർബുദ പഠനവിഭാഗം സ്ഥാപിക്കുവാൻ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഇതേവരെ ചെലവഴിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത തുക ഉദ്ദേശിച്ച കാര്യത്തിന് ചെലവഴിക്കാതെ വകമാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇതിനായി കേന്ദ്രസർക്കാർ 1.80 കോടി രൂപ ധനസഹായം അനുവദിച്ചിരുന്നു.

(ബി ആന്റ് സി) കോബാൾട്ട് തെറാപ്പി മിഷ്യൻ, റേഡിയേഷൻ മോണിറ്ററിംഗ് കാലിബറേഷൻ കമ്പ്യൂട്ടറൈസ്ഡ് ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റം എന്നീ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി 1,79,82,670 രൂപ ചെലവഴിച്ചു.

(ഡി) വകമാറ്റി ചെലവഴിച്ചിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒഴിഞ്ഞുകിടക്കുന്ന കാർട്ടേഴ്സുകൾ

162 [2655] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ കാർട്ടേഴ്സുകൾ ഉപയോഗയോഗ്യമല്ലാതായി നശിച്ചുപോകുന്നതും അനാശാസ്യ പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറുന്നു എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കാർട്ടേഴ്സുകളാണ് ഇവിടെയുള്ളത്; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നു;

(സി) ഏതുവർഷം മുതലാണ് ഈ കാർട്ടേഴ്സുകൾ ഒഴിഞ്ഞുകിടക്കുന്നത്;

(ഡി) കാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly